പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3605

23/06/2014 ൽ
മറുപടിക്ക്

## ചലച്ചിത്ര അക്കാഡമിക്ക് സർക്കാരിൽ നിന്നും അനുവദിച്ച തുക

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പാലോട് രവി | | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | 2013-14, 2014-15 വർഷങ്ങളിലേക്ക് ചലച്ചിത്രഅക്കാഡമിക്ക് സർക്കാരിൽ നിന്നും അനുവദിച്ച തുക എത്രയാണ് ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ 8,69,12,000/- രൂപയും (എട്ടു കോടി അറുപത്തി ഒമ്പത് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ 7,51,08,000/- രൂപയും (ഏഴു കോടി അമ്പത്തിയൊന്ന് ലക്ഷത്തി എട്ടായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2013-14 വർഷം സർക്കാർ ഫണ്ട് കൂടാതെ ചലച്ചിത്ര അക്കാഡമിക്ക് ലഭിച്ച ഇതര വരുമാനങ്ങൾ ഏതെല്ലാമാണ്; | (ബി) | സ്പോൺസർഷിപ്പ്, ഡെലിഗേറ്റ് ഫീ, സ്റ്റാൾ വാടക, സർവ്വീസ് ചാർജ്ജ്, പുസ്തക വിൽപ്പന, മറ്റിനങ്ങൾ (പ്രൊജക്ഷൻ തിയേറ്റർ വാടക) എന്നിവയാണ്. |
| (സി) | 2013-14 വർഷത്തെ ചലചിത്ര അക്കാഡമിയുടെ ചെലവുകൾ ഏതൊക്കെയാണ്; ഇനം തിരിച്ച് വ്യക്തമാക്കുക; | (സി) | 2013-14 വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ ചെലവുകണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |
| (ഡി) | അന്തരിച്ച ചലച്ചിത്ര നടി ശ്രീവിദ്യയുടെ സ്വത്തുക്കൾ സർക്കാരിന് വിട്ടു കൊടുത്തത് നിയമപരമായി ഏറ്റെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇതു സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ? | (ഡി) | അന്തരിച്ച ചലച്ചിത്ര നടി ശ്രീവിദ്യയുടെ വിൽപത്ര പ്രകാരം പരേതയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ എക്സിക്യൂട്ടർ ആയി ചുമതലപ്പെടുത്തിയിരിക്കുന്നത് ശ്രീ.കെ.ബി. ഗണേഷ്കുമാറിനെയാണ്. ടിയാൻ എക്സിക്യൂട്ടർ പദവി ഒഴിയുന്നതിന് കോടതിയെ സമീപ്പിക്കുന്ന പക്ഷം കോടതിയുടെ അനുമതിയോടുകൂടി പരേതയുടെ ഒരു അവകാശിക്ക് എക്സിക്യൂട്ടർ സ്ഥാനം ഏറ്റെടുക്കാവുന്നതാണ്. ആയതിനാൽ അന്തരിച്ച നടി ശ്രീവിദ്യയുടെ സ്വത്തുക്കൾ നിയമപരമായി സർക്കാരിന് ഏറ്റെടുക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ